# ഗ്വാണ്ടനാമോ തടവുകാരുടെ ഭാവി

**അമേരിക്കയു**ടെ നിയന്ത്രണത്തിലുള്ള ഒരു കൊച്ചു ക്യൂബൻ ദ്വീപാണ് ഗ്വാണ്ടനാമോ. ജനാധിപത്യ സ്വാതന്ത്ര്യത്തിന്റെയും മനുഷ്യാവകാശ സംരക്ഷണത്തിന്റെയും പൊയ്മുഖത്തിനകത്ത് അമേരിക്ക ഒളിച്ചുവെച്ചിരിക്കുന്ന പൈശാചിക ഭീകരതയുടെയും കൊടിയ ഫാഷിസത്തിന്റെയും നിദർശനമാണിന്ന് ഈ ദ്വീപ്. ഭീകരതാവിരുദ്ധ നടപടിയുടെ പേരിൽ ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്ന് പിടികൂടി ഇവിടെ കൊണ്ടുവന്ന മനുഷ്യജീവികളെ വേട്ടപ്പട്ടികളെപ്പോലെയാണ് അമേരിക്കൻ ഭടന്മാർ കടിച്ചുകീറിക്കൊണ്ടിരിക്കുന്നത്. വേട്ടപ്പട്ടികൾ തന്നെയാണ വർക്കതിനു കൂട്ടും. അമേരിക്കൻ നിയമങ്ങൾ പോലും അംഗീകരിക്കാത്ത മർദനമുറകൾ അഴിച്ചുവിടാനാണ് അമേരിക്കക്ക് പുറത്തൊരു ദ്വീപിൽ ഈ ജയിൽ സ്ഥാപിച്ചത്. വളരെ കാലം ഈ കൊടുംപീഡനാലയത്തെക്കുറിച്ച് പുറംലോകം അറിഞ്ഞിരുന്നില്ല. ഇപ്പോൾ അറിയുന്നതാകട്ടെ, ഗ്വാണ്ടനാമോ ഒരു ഒറ്റപ്പെട്ട മർദനാലയമല്ലെന്നാണ്. ഏതാണ്ടെല്ലാ ഭൂഖണ്ഡങ്ങളിലും അമേരിക്ക ഇത്തരം മർദനാലയങ്ങൾ സ്ഥാപിച്ചു നടത്തിവരുന്നുണ്ട്. എല്ലായിടത്തും ഇരകളെ കടിച്ചുകീറുന്നതിലെ ക്രൗര്യത്തിൽ അമേരിക്കക്കാരും അവരുടെ വേട്ടപ്പട്ടികളും മത്സരിക്കുകയാണ്. അതിന്റെ ഏറ്റം ലഘുവായ രൂപങ്ങളാണ് ഇറാഖിലെ അബൂഗുറൈബ് ജയിലിൽ നിന്ന് ദൃശ്യ മാധ്യമങ്ങൾ പകർത്തിയെടുത്ത് നമുക്ക് കാണിച്ചുതന്നത്.

മൃഗങ്ങളെ നാണിപ്പിക്കുന്ന ഈ മനുഷ്യദ്രോഹത്തിനെതിരെ ലോകത്തെങ്ങുമുള്ള മനുഷ്യസ്നേഹികളുയർത്തിയ പ്രതിഷേധം നിഷ്ഫലമായില്ല. ഒടുവിൽ, ഗ്വാണ്ടനാമോ മർദനാലയം അടച്ചുപൂട്ടാൻ അമേരിക്ക തീരുമാനിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. പെന്റഗൺ വക്താക്കൾ ഈ വാർത്ത സ്ഥിരീകരിച്ചതായും എ.എഫ്.പി അറിയിച്ചിട്ടുണ്ട്. ഗ്വാണ്ടനാമോ അടച്ചുപൂട്ടുന്നതിന് പ്രതിരോധ സെക്രട്ടറി റോബർട്ട് ഗയ്റ്റ്സ് ഒരു കർമപദ്ധതി തയാറാക്കുന്നുവെന്നും നിയുക്ത പ്രസിഡന്റ് ഒബാമ അധികാരമേറ്റാലുടൻ ഈ പദ്ധതി അദ്ദേഹത്തിനു സമർപ്പിക്കുമെന്നും വൈറ്റ്ഹൗസ് വക്താവ് ജിയോഫ് മെറേയ്‌ലും വ്യക്തമാക്കിയിരിക്കുന്നു. ഒബാമയാവട്ടെ താൻ പ്രസിഡന്റായാൽ ഗ്വാണ്ടനാമോ മാത്രമല്ല, ലോകത്തിന്റെ പല ഭാഗങ്ങളിൽ അമേരിക്ക സ്ഥാപിച്ച അതുപോലുള്ള മറ്റു തടവറകളും നിർത്തലാക്കുമെന്ന് തെരഞ്ഞെടുപ്പിനു മുമ്പേ പ്രസ്താവിച്ച ആളാണ്. തെരഞ്ഞെടുപ്പ് ജയിച്ച ശേഷവും അദ്ദേഹം പ്രസ്താവന ആവർത്തിക്കുകയുണ്ടായി. പെന്റഗൺ പുറത്തുവിട്ട വിവരമനുസരിച്ച് നിയുക്ത പ്രസിഡന്റ് തന്റെ സഹായികളായി തെരഞ്ഞെടുത്ത ടീമിനോട് ഗ്വാണ്ടനാമോ അടച്ചുപൂട്ടുന്നതിന്റെ പ്രയാസങ്ങളും പ്രതിബന്ധങ്ങളും വിശദമായി പഠിക്കാനും പരിഹാരങ്ങൾ കണ്ടെത്താനും ആവശ്യപ്പെട്ടുകഴിഞ്ഞു. അമേരിക്ക അതിന്റെ സുഹൃദ് രാജ്യങ്ങളോടും ഇതു സംബന്ധിച്ച അഭിപ്രായങ്ങളും നിർദേശങ്ങളും ആരാഞ്ഞിട്ടുണ്ട്.

ഗ്വാണ്ടനാമോ അടച്ചുപൂട്ടുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന വലിയൊരു കീറാമുട്ടിയാണ് അവിടെയുള്ള തടവുകാരെ എന്തു ചെയ്യണം എന്നത്. അവരെ വെറുതെവിട്ടയക്കാമോ? അമേരിക്കക്കകത്തുള്ള ജയിലുകളിലേക്ക് മാറ്റാമോ? തടവുകാരെ അവരുടെ ജന്മനാടുകളിലേക്ക് തിരിച്ചയക്കാമോ? അമേരിക്കയിൽ തന്നെ വിചാരണ ചെയ്ത് ശിക്ഷിക്കാമോ? ഇതിൽ ഏതു തെരഞ്ഞെടുത്താലും ഒരുപാട് തടസ്സങ്ങൾ നേരിടേണ്ടതുണ്ട്. തടവുകാരെ വെറുതെ വിട്ടയക്കാം എന്നു വെച്ചാൽ, ഇതുവരെ അവരെ തടവിലിട്ട് ക്രൂരമായി പീഡിപ്പിച്ചതെന്തിന് എന്ന ചോദ്യത്തിന് മറുപടി പറയേണ്ടിവരും. അമേരിക്കൻ ജയിലുകളിലേക്ക് മാറ്റാമെന്നു വെച്ചാൽ, അവിടെയുള്ള അമേരിക്കക്കാരായ തടവുകാർ ഈ 'കൊടും ഭീകരരെ' തങ്ങൾക്കിടയിൽ വെച്ചു പൊറുപ്പിക്കുകയില്ല. അത്രക്കു മോശമായ പ്രതിഛായയാണ് നിരന്തരമായ കുപ്രചാരണങ്ങളിലൂടെ ഈ തടവുകാരെക്കുറിച്ച് അമേരിക്കൻ പൊതുമനസ്സിൽ പതിപ്പിച്ചിട്ടുള്ളത്.

ഗ്വാണ്ടനാമോ തടവുകാരിലാരെയും ഒരു അമേരിക്കൻ കോടതിയിലും ഹജാരാക്കിയിട്ടില്ല. ആർക്കെതിരെയും കുറ്റപത്രവുമില്ല. നിയമത്തിനതീതരും യുദ്ധകുറ്റവാളികൾക്കുള്ള അവകാശങ്ങൾ പോലും അർഹിക്കാത്തവരുമായിട്ടാണവർ കരുതപ്പെട്ടിരുന്നത്. അമേരിക്കക്കു മാത്രമല്ല 'ലോകത്തിനാകമാനം ആപത്കാരികളായ കൊടുംഭീകരർ' എന്നായിരുന്നു പ്രചാരണം. കോടതിയിൽ സ്ഥിരപ്പെടുത്താവുന്ന തെളിവുകൾ ശേഖരിക്കാനാവാത്തതുകൊണ്ടാണ് ഇവരെ വിചാരണ ചെയ്യാത്തതെന്നും വാദിച്ചു. അതൊക്കെ ഇന്ന് അമേരിക്കക്കുതന്നെ വിനയായിത്തീർന്നിരിക്കുകയാണ്. തടവുകാരുടെ ജന്മദേശങ്ങളൊന്നും ഈ 'കൊടും ഭീകര'രെ സ്വീകരിക്കാൻ തയാറല്ല. അമേരിക്കൻ പൗരന്മാരാവട്ടെ അഭയാർഥികളായിപോലും ഇവരെ അമേരിക്കയിൽ തങ്ങാൻ അനുവദിക്കുകയുമില്ല.

ഗ്വാണ്ടനാമോ തടവുകാരിലേറെയും അറബ് നാടുകളിൽനിന്നുള്ളവരാണ്. രണ്ടു കാരണങ്ങളാൽ അറബ് ഭരണാധികാരികൾ അവരെ സ്വീകരിക്കാൻ ഭയപ്പെടുന്നു. ഒന്ന്, യഥാർഥത്തിൽ തന്നെ ഭീകരരാണെങ്കിൽ അവരെ സ്വീകരിക്കുന്നത് തങ്ങൾക്കാപത്തല്ലേ? രണ്ട്, ഗ്വാണ്ടനാമോ തടവുകാരെ സ്വീകരിച്ചാൽ തങ്ങൾ ഭീകരർക്ക് അഭയം കൊടുത്തവരായി മുദ്രയടിക്കപ്പെടുമോ?

ഈ സാഹചര്യത്തിൽ ഗ്വാണ്ടനാമോ തടവുകാരെ ജീവിതകാലം മുഴുവൻ അമേരിക്ക തടവിൽ പാർപ്പിക്കേണ്ടിവരുമെന്നാണ് നിയമവിദഗ്ധരും നിരീക്ഷകരും അഭിപ്രായപ്പെടുന്നത്. അല്ലെങ്കിൽ പിന്നെ ഒരു വഴിയേയുള്ളൂ. ഈ തടവുകാരെല്ലാം വെറും സംശയത്തിന്റെ പേരിൽ പിടിക്കപ്പെട്ട നിരപരാധികളാണെന്ന് തുറന്ന് സമ്മതിക്കുകയും അവർക്ക് അന്യായമായ തടവിനും പീഡനത്തിനും മാനഹാനിക്കും മതിയായ നഷ്ടപരിഹാരം നൽകുകയും ചെയ്തുകൊണ്ട് സാധാരണ പൗരന്മാരെന്ന നിലയിൽ അവരവരുടെ രാജ്യങ്ങളെ തിരിച്ചേൽപിക്കുക. ഇത്തരം മൃഗീയ മർദനങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും ഇനിയൊരിക്കലും ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. അഹന്ത നിറഞ്ഞ യാങ്കി ഫാഷിസ്റ്റ് മനസ്സ് അവരെ അതിനനുവദിക്കുമോ? ■